Swathanthra Malayalam Computing

Parambath House,
Amala Nagar Post,
Thrissur
Kerala, India
680555

Reg No. : R 80/2010 Thrissur
Email : contact@smc.org.in
Web : smc.org.in
Phone : +91 9448063780

To,

തീയതി : നവംബർ 1, 2020

ശ്രീ പിണറായി വിജയൻ,

ബഹുമാനപ്പെട്ട മുഖ്യമന്ത്രി,

കേരള സർക്കാർ.

സർ,

**വിഷയം: കേരള പോലീസ് ആക്ടിലെ നിർദ്ദേശിക്കപ്പെട്ട (118-A) വകുപ്പും അതിന്റെ പരിണതഫലങ്ങളും.**

21 ഒക്ടോബർ 2020 ൽ പുറത്തിറങ്ങിയ പത്രക്കുറിപ്പിൽ 2011 ലെ കേരളാപോലീസ് ആക്ടിൽ ഭേദഗതി വരുത്തി പുതിയ വകുപ്പ് കൂട്ടിച്ചേർക്കാനായി ക്യാബിനറ്റ് തീരുമാനിച്ച വിവരം അറിയുകയുണ്ടായി. അതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കത്ത്. പ്രസ്തുത പത്രക്കുറിപ്പനുസരിച്ച് സൈബർ ബുള്ളിയിങ് തടയുന്നതിനായി കേരളാപോലീസ് ആക്ടിൽ ഭേദഗതി വരുത്തി 118(A) എന്ന വകുപ്പ് കൂട്ടിച്ചേർക്കുകയാണ് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. പത്രക്കുറിപ്പനുസരിച്ച് മേല്പറഞ്ഞ ഭേദഗതി ഇപ്രകാരമാണ് പ്രസ്താവിച്ചിരിക്കുന്നത് - "anyone who produces content, publishes or propagates it through any means of communication with an intention to threaten, insult or harm the reputation of an individual will be punished with an imprisonment of five years or a fine of Rs 10,000 or with both". ഇതിനു പുറമേ പത്രവാർത്തകൾ പ്രകാരം, നിർദ്ദേശിക്കപ്പെട്ട ഭേദഗതിയനുസരിച്ചുള്ള കുറ്റങ്ങൾ കോഗ്നീസബിളും ജാമ്യം ലഭിക്കാത്തതുമാണ്. ഏതൊരാൾക്കും ആർക്കെതിരെയും പരാതിപ്പെടാവുന്നതും ഒരു പോലീസ് ഉദ്യോഗസ്ഥനു പരാതിയില്ലാതെ തന്നെ സ്വന്തം നിലക്ക് കേസെടുക്കാവുന്നതുമാണ്.

സാങ്കേതിക വിദ്യയിലധിഷ്ഠിതമായി മാതൃഭാഷയിലുള്ള - പ്രധാനമായും കേരളത്തിന്റെ ഔദ്യോഗികഭാഷയായ മലയാളത്തിലുള്ള- ആശയവിനിമയത്തെ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയാണ് സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്. പ്രാഥമികമായും ഇന്റർനെറ്റ് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ എന്ന നിലയ്ക്ക്, ഇന്ന് ലഭ്യമായ ആശയവിനിമയ/വിതരണ സങ്കേതങ്ങളുടെ വിലക്കില്ലാത്ത ലഭ്യതമൂലമുള്ള ഗുണദോഷങ്ങളെ വളരെ അടുത്തുനിന്ന് നോക്കിക്കാണാനും വിലയിരുത്താനുമുള്ള അവസരം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരം സങ്കേതങ്ങളുടെ ദുരുപയോഗത്തിലൂടെ മറ്റുള്ളവരെ ഉപദ്രവിക്കാൻ ശ്രമിക്കുന്നവരിൽ നിന്നും സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ സംരക്ഷിക്കേണ്ടുന്നതിന്റെ ആവശ്യകത ഞങ്ങൾ തിരിച്ചറിയുമ്പോൾത്തന്നെ, വേണ്ടത്ര ആലോചനകളില്ലാതെ സൃഷ്ടിക്കപ്പെടുന്ന നിയമങ്ങളിൽ നിന്നും അഭിപ്രായസ്വാതന്ത്ര്യം നേരിടുന്ന അപകടങ്ങളെപ്പറ്റിയും ഞങ്ങൾ ആശങ്കാലുക്കളാണ്

ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. **ഭേദഗതിയുടെ പൂർണ്ണരൂപത്തിന്റെ സർക്കാർ മാധ്യമങ്ങളിലെ ലഭ്യത**

2020 ഒക്ടോബർ 21 ലെ ക്യാബിനറ്റ് തീരുമാനങ്ങളെ പറ്റി നിരവധി കുറിപ്പുകളിലൊന്നായി മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ കാണുന്ന പരാമർശം മാത്രമേ ഇതേ പറ്റി സർക്കാർ മാധ്യമങ്ങളിൽ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുള്ളൂ. ഗവണ്മെന്റ് സ്രോതസ്സുകളിൽ ഈ ഭേദഗതിയുടെ പൂർണ്ണരൂപം മലയാളത്തിൽ ലഭ്യമാക്കിയിട്ടില്ല എന്നത് ദുഃഖകരമാണ്.

**2. നിർദ്ദേശിക്കപ്പെട്ട ഭേദഗതിയുടെ യുക്തിയുക്തത**

ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ 66A യും, കേരളാ പോലീസ് ആക്ടിലെ 118(d) യും നിലവിൽ ഉപയോഗിക്കാൻ സാധ്യമല്ല എന്നതാണ് പുതിയ ഭേദഗതി നടത്താനുള്ള പ്രാഥമിക പ്രചോദനമെന്ന് സർക്കാർ പത്രക്കുറിപ്പ് പറയുന്നു. ഈ രാജ്യത്തിലെ മൗലികാവകാശങ്ങളിലൊന്നായ അഭിപ്രായസ്വാതന്ത്ര്യത്തെ ഹനിക്കുന്നതെന്ന് കണ്ടെത്തിയതിനാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി തച്ചുടച്ച കരിനിയമങ്ങളാണിവ.

നിർദ്ദേശിക്കപ്പെട്ട ഭേദഗതി വ്യക്തതയില്ലാത്തതാണെന്നതിനു പുറമേ, അഭിപ്രായപ്രകടനത്തിലൂടെയുള്ള അപകീർത്തിപ്പെടുത്തലിനെ ക്രിമിനലൈസു ചെയ്യാനുദ്ദേശിച്ചുള്ളതുകൂടിയും, അതിനെ ഒരുപക്ഷേ ജാമ്യമില്ലാത്ത കുറ്റമാക്കുന്നതുകൂടിയുമാണ്. ഇതിനെല്ലാമുപരി, സംസ്ഥാനപോലീസ് സംവിധാനത്തിനു സ്വേച്ഛയാ കേസെടുക്കാനുള്ള അനുമതി നൽകുകകൂടി ചെയ്യുന്നു. അപകീർത്തിപ്പെടുത്തൽ കണ്ടുപിടിക്കാൻ എളുപ്പമാണെന്നും  വേഗത്തിലും എളുപ്പത്തിലും നീതിനിർവഹിക്കാൻ കഴിയുന്നതുമാണെന്നതുമാണെന്നു തോന്നുന്നു ഈ നടപടികളുടെ പിന്നിലുള്ള യുക്തിയുക്തത. ഈ നടപടിക്കുപിന്നിലെ ഉദ്ദേശശുദ്ധിയെ മാനിക്കുമ്പോൾ തന്നെ, ഇത്തരം നടപടികൾ എന്തിനെയെല്ലാം അപകീർത്തിപ്പെടുത്തലായി ഗണിക്കാം എന്നതുപോലെയുള്ള ചോദ്യങ്ങളെ അഭിപ്രായസ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായേക്കാവുന്ന ഉത്തരങ്ങളിലേക്കു ചുരുക്കും എന്നത് പരിഗണിക്കാതെയിരുന്നുകൂടാ.

**3. നിർദ്ദേശിക്കപ്പെട്ട ഭേദഗതിയുടെ ഭാഷയിലുള്ള ആശയക്കുഴപ്പം.**

ഈ നിർദ്ദേശിക്കപ്പെട്ട ഭേദഗതിക്കായി ഉപയോഗിച്ചിട്ടുള്ള ഭാഷ വിശാലവും, വ്യക്തതയില്ലാത്തതും, നിരവധി – പലപ്പോഴും പരസ്പരവിരുദ്ധങ്ങളായ – വ്യാഖ്യാനങ്ങൾക്ക് സാധ്യതയുള്ളതുമാണ്. അപകീർത്തിപ്പെടുത്തലായി കണക്കാക്കപ്പെടാവുന്ന ഉള്ളടക്കങ്ങൾക്ക് ഈ ഭേദഗതിയിൽ മാനകങ്ങൾ സൃഷ്ടിക്കുന്നില്ല എന്നു മാത്രമല്ല, ഉള്ളടം,പ്രസരണം എന്നിവകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് ഒരുതരത്തിലും വിശദീകരിക്കുന്നുമില്ല. ക്യാബിനറ്റ് മീറ്റിങ്ങിലെ കുറിപ്പുകളിൽ സമൂഹമാധ്യമങ്ങളിലെ അപകീർത്തിപ്പെടുത്തൽ തടയുക എന്ന ഉദ്ദേശത്തിലാണ് ഇത് നിർദ്ദേശിക്കുന്നത് എന്ന് പറയുമ്പോഴും ചുമരെഴുത്തുകൾ മുതൽ രണ്ടു വ്യക്തികൾ തമ്മിലെ സ്വകാര്യസംഭാഷണങ്ങൾക്കു വരെ ബാധകമാവുന്നതരത്തിലാണ് ഈ ഭേദഗതിയിലെ വാചകങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്.

ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000 ലെ സെക്ഷൻ 66A, കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 118(d)  എന്നിവ ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീം കോടതി കണ്ടെത്തിയ Shreya Singhal V. Union of India എന്ന കേസിലെ വിധി പത്രക്കുറിപ്പിൽ പരാമർശിക്കുന്നുണ്ട്.  പ്രസ്തുത ജഡ്ജ്മെന്റനുസരിച്ച് "Section 66A arbitrarily, excessively and disproportionately invades the right of free speech and upsets the balance between such right and the reasonable restrictions that may be imposed on such right" ("സെക്ഷൻ 66A സ്വേച്ഛ, അമിതമായും ക്രമാതീതമായും അഭിപ്രായസ്വാതന്ത്ര്യ അവകാശത്തെ ഹനിക്കുകയും, അത്തരത്തിലുള്ള ഒരു അവകാശവും, അതിനു മേൽ ഏർപ്പെടുത്താവുന്ന വിവേകപൂർണ്ണമായ നിയന്ത്രണങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥക്ക് ഭംഗം വരുത്തുകയും ചെയ്യുന്നു).

നിർവചിക്കാനുപയോഗിച്ച വ്യവസ്ഥകൾ വളരെയധികം വിശാലമായതുകൊണ്ട് വ്യക്തതയില്ലാത്തതും നിരവധി വ്യാഖ്യാനങ്ങൾക്ക് സാധ്യതയുള്ളതുമാണ് എന്നതിനാലാണ് സെക്ഷൻ 66A യും കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 118(d) യും നീക്കം ചെയ്യപ്പെട്ടത്. നിർദ്ദേശിക്കപ്പെട്ട ഭേദഗതിക്കും ഇതേ പ്രശ്നങ്ങളാണുള്ളത്. ഭേദഗതി നിലവിൽ വന്നാൽ, പുതിയ സെക്ഷനും മേല്പറഞ്ഞ നീക്കം ചെയ്യപ്പെട്ട സെക്ഷനുകളുടെ അതേ തരത്തിൽ ദുരുപയോഗം ചെയ്യപ്പെടും എന്ന കാര്യം ഉറപ്പാണ്.

**4. അഭിപ്രായസ്വാതന്ത്ര്യത്തെ വിറങ്ങലിപ്പിക്കുന്നത്.**

ഉപയോഗിച്ചിരിക്കുന്ന ഭാഷയനുസരിച്ച് നിർദ്ദേശിക്കപ്പെട്ട ഭേദഗതി എല്ലാ ആശയവിനിമയ മാർഗ്ഗങ്ങൾക്കും ബാധകമാണ്. സ്വകാര്യ സംഭാഷണങ്ങളടക്കം ഇതിന്റെ പരിധിയിൽ വരും. സ്റ്റേറ്റിനോ സ്വകാര്യ സ്ഥാപനങ്ങൾക്കോ ഒരു വ്യക്തിയെ ജാമ്യമില്ലാത്ത ഒരു കുറ്റം ചുമത്തി ശിക്ഷിക്കാനുള്ള സാധ്യതയെ എളുപ്പമാക്കുന്ന ഒരു നിയമം കൊണ്ടുവരുന്നത് അപകടകരവും ഉത്തരവാദിത്വമുള്ള പൗരരുടെയും, പത്രമാധ്യമങ്ങളുടെയും, ചർച്ചാവേദികളുടെയും സ്വാതന്ത്ര്യത്തിനു തടയിടുന്നതുമാണ്. അപകീർത്തിപ്പെടുത്തൽ എന്നതിന്റെ നിർവചനം നിർദ്ദേശിക്കപ്പെട്ട നിയമമനുസരിച്ച്

വിശാലമാണെന്നതിനാൽ ഒരു പുസ്തകത്തിന്റെയോ ഒരു ഭക്ഷ്യശാലയുടേയോ റിവ്യൂ എഴുതുന്നതു പോലെയുള്ള നിസ്സാര കാര്യങ്ങൾക്ക് പോലും വലിയ പിഴയും ജാമ്യമില്ലാത്ത കുറ്റം ചുമത്തലോ അടിച്ചേല്പിക്കപ്പെടാം.

**5. സമൂഹത്തിലും സാമ്പത്തിക രംഗത്തുമുള്ള പരിണിതഫലങ്ങൾ**

സാമൂഹിക നിരീക്ഷകരെയോ മത്സര രംഗത്തുള്ള കമ്പനികളെത്തന്നെയോ നിശബ്ദരാക്കാനുതകുന്ന എന്തും അവരുടെ സർഗ്ഗാത്മകതയെ തടയുകയും ആരോഗ്യകരമായ മത്സരത്തിനുള്ള അവസരങ്ങളില്ലാതെയാക്കുകയും ചെയ്യും. ഈ ഭേദഗതിയോട്ടു കൂടി വിമർശകരുടെ വായടയ്ക്കാനായി സ്വകാര്യകുത്തകകൾക്കും വ്യക്തികൾക്കും ഏറ്റവും എളുപ്പം ഉപയോഗിക്കാവുന്ന, ഏറ്റവും കർക്കശമായ നിയമമായി 118(A) മാറും. ഔദ്യോഗിക പദവിയിലുള്ളവരുടെയോ മറ്റ് പൊതു സേവകരുടെയോ ദുഷ്ചെയ്തികളെക്കുറിച്ച് എഴുതുന്ന പത്രക്കാരനും, താൻ ഭക്ഷണം കഴിച്ച ഹോട്ടലിനെ കുറിച്ച് മോശമായ അഭിപ്രായം പറയുന്നയാളും, പ്രതിയോഗികളുടെ ഉൽപ്പന്നെത്തേക്കാൾ നല്ലതാണ് തന്റേതെന്ന് പരസ്യങ്ങളിൽ കൂടെ പറയുന്ന സ്ടാർട്ടപ്പുകളും എല്ലാം ഒരേ പോലെ ഈ നിയമത്തിന്റെ കീഴിൽ വരും. വിമർശനത്തെ ഈ രീതിയിൽ മൂടിക്കെട്ടുന്ന ഭേദഗതി സമൂഹത്തിലെ നമതിന്മകളെ ചൂണ്ടിക്കാട്ടുന്ന വ്യക്തികൾക്കും സംഘടനകൾക്കും ഭീഷണിയാകുമെന്നത് ഏതാണ്ട് നിശ്ചയമാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കാബിനറ്റിനോടും ഈ ഭേദഗതി പിൻവലിക്കണമെന്നും ഞങ്ങൾ അപേക്ഷിയ്ക്കുന്നു.

കൂടുതൽ പഠിച്ച്, മേല്പറഞ്ഞ വാദങ്ങളെ കണക്കിലെടുത്ത് പബ്ലിക് കൺസൾട്ടേഷനുകളും നിയമസഭാ ചർച്ചകളും നടത്തി മാത്രം വേണം ആശയപ്രകാശനത്തെ സംബന്ധിക്കുന്ന ഏതു നിയമനിർമ്മാണവും നടത്താനെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

എന്ന് ,

വിശ്വസ്തതയോടെ,

സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങിനു വേണ്ടി ,

1. ഋഷികേശ് ഭാസ്കരൻ
2. അക്ഷയ് എസ് ദിനേശ്
3. അബൂബക്കർ എം കെ.
4. അനിവർ അരവിന്ദ്
5. അനൂപ് പനവളപ്പിൽ
6. അൽഫാസ് എസ് റ്റി
7. ആഷിക് എസ്
8. അനീഷ് ഏ
9. കാവ്യ മനോഹർ
10. ജിഷ്ണു മോഹൻ
11. ജെയ്സൻ നെടുമ്പാല
12. ജോയ്സ് മൂലെക്കരി
13. ബാലശങ്കർ സി
14. മനോജ് കരിങ്ങാമഠത്തിൽ
15. സന്തോഷ് തോട്ടിങ്ങൽ
16. സെബിൻ ജേക്കബ്
17. ഹിരൺ വി

CC :

ബഹുമാനപ്പെട്ട നിയമ വകുപ്പ് മന്ത്രി ശ്രീ ഏ.കെ ബാലൻ